## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 766 28.09.2011 ൽ മറുപടിക്ക്

## ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജപ്പാൻ കുടിവെള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | (എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ഇതിൽ തിരുവനന്തപുരം പദ്ധതി 2010 മേയിലും മീനാട് പദ്ധതി 2011 ഫെബ്രുവരിയിലും ഭാഗികമായി കമ്മീഷൻ ചെയ്ത് ജല വിതരണം നടത്തി വരുന്നു.<br><br>ഓരോ പദ്ധതിയും ഇതുവരെ കൈവരിച്ച പുരോഗതിയും പൂർത്തിയാക്കാൻ ഉദ്ദേശിയ്ക്കുന്ന തീയതിയും ചുവടെ ചേർക്കുന്നു. |

| പദ്ധതി | പുരോഗതി | പൂർത്തിയാക്കാൻ ഉദ്ദേശിയ്ക്കുന്ന തീയതി |
|---|---|---|
| തിരുവനന്തപുരം | 91.26 | മാർച്ച് 2013 |
| മീനാട് | 90.86 | മാർച്ച് 2013 |
| ചേർത്തല | 94.67 | ഡിസംബർ 2011 |
| കോഴിക്കോട് | 64.76 | മാർച്ച് 2013 |
| പട്ടുവം | 79.32 | മാർച്ച് 2013 |

| | |
|---|---|
| (ബി) വെട്ടിമുറിച്ച റോഡുകൾ പുനർനിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. തിരുവനന്തപുരം പദ്ധതിയുടെ കീഴിൽ പൈപ്പുലൈൻ സ്ഥാപിച്ചു കഴിഞ്ഞ റോഡുകൾ കേരള ജല അതോറിററി പൂർവസ്ഥിതിയിലാക്കിയിട്ടുണ്ട് .<br>മററു പദ്ധതികളിൽ റോഡു നിർമ്മിക്കുന്നതിനുള്ള തുക പി.ഡബ്ള്യൂ.ഡി.യ്ക്ക് കൈമാറിയ ശേഷമാണ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനു വേണ്ടി റോഡുകൾ വെട്ടിമുറിയ്ക്കുന്നത്.ഈ സ്ഥലങ്ങളിൽ റോഡുകൾ പുനർനിർമ്മിക്കുന്ന ചുമതല പി.ഡബ്ള്യൂ .ഡി . യ്ക്കാണ്. |

| | | |
|---|---|---|
| (സി) | ഈ പദ്ധതി മൂലം ഇതിനോടകം ഏതെല്ലാം പ്രദേശങ്ങളിൽ എത്ര പേർക്ക് ഗുണമുണ്ടായി എന്ന് വ്യക്തമാക്കുമോ ? | (സി) ജപ്പാൻ സഹായത്തോടെയുള്ള തിരുവനന്തപുരം പദ്ധതിയിൽ വട്ടിയൂർക്കാവ് മേഖല പൂർണ്ണമായും കമ്മീഷൻ ചെയ്തു കഴിഞ്ഞു. ഇതിൻെറ ഫലമായി മലമുകൾ, നെട്ടയം, കാച്ചാണി, മുക്കോല, വഴയില, വേററിക്കോണം തുടങ്ങിയ സ്ഥലങ്ങളിലായി ഏകദേശം 10,000 ൽ അധികം പേർക്കും തിരുമല മേഖലയിൽ കാവലൂർ, പാപ്പാട്, തോപ്പുമുക്ക്, കുലശേഖരം, കൊടുങ്ങാനൂർ, മരുതൻകുഴി എന്നിവിടങ്ങളിലായി ഏകദേശം 5000 പേർക്കും ജലവിതരണം നടത്തുന്നു.<br><br>'ജിക്ക' സഹായത്തോടെയുള്ള മീനാട് പദ്ധതിയിൽ നിന്ന് പൂതക്കുളം, ചാത്തന്നൂർ എന്നീ പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം നടത്തി വരുന്നു. പൂതക്കുളം പഞ്ചായത്തിൽ 600 ഗാർഹിക കണക്ഷനുകളും ചാത്തന്നൂർ പഞ്ചായത്തിൽ 47 ഗാർഹിക കണക്ഷനുകളും നൽകി ശുദ്ധജല വിതരണം നടത്തി വരുന്നു. കൂടാതെ പൂതക്കുളം പഞ്ചായത്തിൽ 110 പൊതു ടാപ്പുകൾ വഴിയും ജല വിതരണം നടത്തുന്നുണ്ട്. കൂടുതൽ ആളുകൾക്ക് ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ